കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം

W/C 11876/17 തീയതി: 01.04.2017

**സർക്കുലർ നമ്പർ:47/2017-18**

വിഷയം: റോളിലുള്ള **അൺ-അറ്റാച്ച്ഡ്** വിഭാഗം തൊഴിലാളി മരണപ്പെട്ടാൽ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനായി നൽകിവരുന്ന ആനുകൂല്യം **5000/- രൂപയിൽനിന്നും 10,000/- രൂപയാക്കി** വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) 2017-18 വർഷത്തിലെ ബഡ്ജറ്റ് ശുപാർശ
2) 13.03.2017 തീയതിയിലെ 468-മത് ബോർഡ് യോഗ തീരുമാനം (18).
3) 22.09.2014 തീയതിയിലെ 17/2014-15 നമ്പർ ബോർഡ് സർക്കുലർ.

2014-15 -ലെ ബോർഡിന്റെ ബഡ്ജറ്റ് പ്രകാരം സേവനത്തിലിരിക്കെ മരണപ്പെടുന്ന തൊഴിലാളികളുടെ കുടുംബത്തിന് അടിയന്തിര ധനസഹായമായി നൽകുന്ന ഡെത്ത് എക്സ്ഗ്രേഷ്യ സൂചന (3) പ്രകാരം 3000/- രൂപയിൽനിന്നും 5000/- രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു.

2017-2018 -ലെ ബോർഡിന്റെ ബഡ്ജറ്റ് പ്രകാരം സേവനത്തിലിരിക്കെ മരണപ്പെടുന്ന തൊഴിലാളികളുടെ കുടുംബത്തിന് അടിയന്തിര ധനസഹായമായി നൽകുന്ന ഡെത്ത് എക്സ്ഗ്രേഷ്യ 5,000/- **രൂപയിൽനിന്നും** 10,000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

നിയമം 18-ാം **വകുപ്പ് അനുസരിച്ച്** രൂപീകരിക്കപ്പെട്ട കമ്മിറ്റിയിൽ പദ്ധതി വ്യവസ്ഥ 6(എ)) പ്രകാരം **രജിസ്റ്റർ** ചെയ്ത് നിശ്ചിത പൂളിൽ സേവനത്തിലിരിക്കെ മരണപ്പെട്ട തൊഴിലാളികളുടെ **നോമിനിക്ക്**, കുടുംബത്തിന് 22.09.2014 തീയതിയിലെ 17/2014-15 നമ്പർ ബോർഡ് **സർക്കുലർ** പ്രകാരം അനുവദിക്കപ്പെട്ട ഡെത്ത് എക്സ്ഗ്രേഷ്യ തുക 5000/- **രൂപയിൽനിന്നും 10,000/-** രൂപയാക്കി വർദ്ധിപ്പിക്കുവാൻ 13.03.2017 തീയതിയിലെ 468-മത് **ബോർഡ് യോഗത്തിൽ** തീരുമാനമായിട്ടുണ്ട്. ടി സാഹചര്യത്തിൽ സേവനത്തിലിരിക്കെ **മരണപ്പെടുന്ന** തൊഴിലാളികൾക്കുള്ള ഡെത്ത് എക്സ്ഗ്രേഷ്യ ആനുകൂല്യ തുക **01.04.2017 മുതൽ** പ്രാബല്യത്തിൽ 5,000/- രൂപയിൽനിന്നും 10,000/- രൂപയായിവർദ്ധിപ്പിച്ച്**നൽകേണ്ടതാണ്**.

കമ്മിറ്റിയുടെ പൊതു സാമ്പത്തിക ഭരണം കാര്യക്ഷമമാക്കുന്നതിന് ഫണ്ട് നിർദ്ദേശങ്ങളും നടപടി **ക്രമങ്ങളും** വീഴ്ച കൂടാതെ ബന്ധപ്പെട്ട ഓഫീസുകളും പാലിക്കേണ്ടതാണ്.

ഈ അറിയിപ്പ് ലഭിച്ച വിവരം മടക്ക തപാലിൽ റിപ്പോർട്ട് ചെയ്യേണ്ടതും രേഖപ്പെടുത്തി ചെയ്യപ്പെട്ട വ്യവസ്ഥകൾ **ക്ളർക്ക്** തലം മുതലുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും കമ്മിറ്റി / സബ് ഓഫീസ് അംഗങ്ങളുടെയും തൊഴിലാളികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് കമ്മിറ്റി ചെയർമാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്,
1.എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാന്മാർക്ക്,
2.പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

പകർപ്പ്:
ഫിനാൻസ് ഓഫീസർ / സെക്രട്ടറി
അക്കൗണ്ട്സ് ഓഫീസർമാർക്കും/ജൂനിയർ സൂപ്രണ്ട് മാർക്കും
സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്